**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** **30-08-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉത്ഘടനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള മുറികളിൽ ഓഫീസ് സാമഗ്രികളുടെയും ഇരിപ്പിടങ്ങളുടെയും ക്രമീകരണങ്ങൾ അതത് വകുപ്പുകൾ മുഖേന പൂർത്തീകരിക്കാത്തതുമൂലമാണ് ആഫീസുകൾ ആരംഭിക്കാൻ കഴിഞ്ഞിടാത്തത്. |
| (ബി) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് നിലമ്പൂർ നഗരസഭ കെട്ടിട നമ്പർ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; നിലമ്പൂർ നഗരസഭാ സെക്രട്ടറി ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കേണ്ടത് ഏത് വകുപ്പിന്റെ ഉത്തരവാദിത്തമാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരസഭാ അധികൃതർ ചില ന്യൂനതകൾ ഉള്ളതായി ചൂണ്ടി കാണിച്ചിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ അനുമതിയും കെട്ടിട നമ്പറും അനുവദിച്ചിട്ടില്ല. പ്രസ്തുത ന്യൂനതകൾ പരിഹരിക്കേണ്ടത് നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് മലപ്പുറം ഡിവിഷനാണ്. |
| (സി) | ന്യൂനതകൾ പരിഹരിച്ച് നൽകേണ്ടത് പൊതുമരാമത്ത് കെട്ടിട വിഭാഗമാണെങ്കിൽ ആയതിനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; കെട്ടിട നമ്പർ ലഭിക്കുന്നതിനായി റവന്യൂ വകുപ്പ് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (സി) | കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലമ്പൂർ നഗരസഭ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുവാനാവശ്യപ്പെട്ട് അസി.എഞ്ചിനിയർ, പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് മലപ്പുറം സെക്ഷന് 18-04-2022 തീയതിയിൽ നിലമ്പൂർ തഹസീൽദാർ കത്ത് നൽകുകയും ആയതിന് മറുപടിയായി 14.07.2022 തീയതിയിൽ പി.ഡബ്ല്യൂ.ഡി.ബിൽഡിംഗ് സെക്ഷനിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 25.07.2022 തീയതിയിൽ നിലമ്പൂർ നഗരസഭാ സെക്രട്ടറിക്ക് നിലമ്പൂർ തഹസീൽദാർ കത്ത് നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | നിലമ്പൂർ നഗരസഭ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | ഓരോ ഓഫീസിനും അനുവദിച്ചിട്ടുള്ള മുറികളിൽ ഓഫീസ് സാമഗ്രികളുടെയും ഇരിപ്പിടങ്ങളുടെയും ക്രമീകരണങ്ങൾ അതാത് വകുപ്പുകൾ പൂർത്തീകരിക്കുന്ന മുറയ്ക്കും ഓരോ ഓഫീസിനും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറക്കും നിലമ്പൂർ |

| | | | |
|---|---|---|---|
| | | | നഗരസഭ കെട്ടിട നമ്പർ അനുവദിക്കുന്ന മുറയ്ക്കും മാത്രമേ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തന സജ്ജമാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ